# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3735 15.05.2017ൽ മറുപടി നൽകേണ്ടത്.

## ചെറുവാടി ഗവൺമെന്റ് ഹൈസ്കൂളിലെ അധ്യാപക തസ്തികകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജോർജ്.എം.തോമസ് | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിൽ 2011-ൽ ആരംഭിച്ച ചെറുവാടി ഗവൺമെന്റ് ഹൈസ്കൂളിൽ മതിയായ അധ്യാപക തസ്തികകൾ സൃഷ്ടിക്കാത്തതുകാരണം പഠനം പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) & (ബി) | സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തീകരിച്ചു. നിയമനം നടത്തുന്നതിനുളള നടപടികൾ സ്വീകരിച്ച് വരുന്നു. പി.എസ്.സി.ലിസ്റ്റ് നിലവിലില്ലാത്തതിനാൽ സംരക്ഷിത അദ്ധ്യാപക ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | എങ്കിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി വഴി ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | | |
| (സി) | ഇതു സംബന്ധിച്ചുളള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 52521/R3/15/ നമ്പർ ഫയലിലെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ? | (സി) | 29.01.2016 ലെ സ.ഉ (പി) 29/16/പൊ.വി.വ പ്രകാരം കോഴിക്കോട് ജില്ലയിലെ ചെറുവാടി ഗവൺമെന്റ് ഹൈസ്കൂളിലെ ഒഴിവുളള തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് 24.04.2017 ലെ കത്ത് മുഖേന കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ